# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1182 | 05.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**പോങ്ങുംമൂട് പുന്നാവൂർ പാലത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ പോങ്ങുംമൂട് പുന്നാവൂർ പാലത്തിന് വേണ്ടി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്; ആയതിന്റെ ഏറ്റെടുക്കൽ നടപടികൾ എന്ന് മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പോങ്ങുംമൂട് - പുന്നാവൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ വില്ലേജിലുൾപ്പെട്ട 0.16 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 24/04/2019-ലെ സ.ഉ (സാധാ) 1041/2019/റവ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത പൊന്നുംവില നടപടിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ.എ, പി.ഡബ്ല്യു.ഡി സതേൺ സർക്കിളിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എസ്.ഐ.എ റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച എക്സ്പെർട്ട് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സർവ്വെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളുടെ കൈവശത്തുനിന്നും ഏറ്റെടുക്കേണ്ട ഭൂമി 6.84 ആർ ആയി കണ്ടെത്തുകയും 31/12/2019-ലെ 3259-ാം നമ്പർ കെ5-4425/18 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് ഇനി എത്ര ദിവസം കൂടി വേണമെന്ന് വ്യക്തമാക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടിയിൽ കാലതാമസം ഉണ്ടായിട്ടില്ല. ആക്ടിൽ നിഷ്കർഷിച്ചതിൻ പ്രകാരമുള്ള സമയക്രമം പാലിച്ചു കൊണ്ട് പൊന്നുംവില നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ